

# പാറുക പതാകേ...

• അമ്പലപ്പുഴ രാജഗോപാൽ

പാറുക വർണ്ണ പതാകേ, യെന്നും-
ധീരത തന്ന പതാകേ
കാന്തിയെഴുന്ന പതാകേ, ഭാരത-
ശാന്തി പകർന്ന പതാകേ

ധീരതയോടടരാടിയ വീരർ
ചൂടിയ വർണ്ണപതാകേ
നാനാജാതി മതങ്ങൾ ഭാഷക-
ളൊന്നായ് കൈകോർത്ത പതാകേ!

നീതി പുകഴ്ന്നെഴുമതിനായ് നമ്മിൽ-
ഖ്യാതിയെഴുന്ന പതാകേ
ഭാരതമൊന്നാണെന്നും ഓർമ്മയി-
ലെഴുതും വർണ്ണപതാകേ!

പാറുക ഭാരത ദേശത്തിന്നഭി-
മാനം കാത്ത പതാകേ
പാടുക മേന്മേലിനിയും, ഭാരത-
ഗാഥകൾ തീർത്ത പതാകേ!!

» ഒന്നാം സ്വാതന്ത്ര്യ സമരത്തിലെ ആദ്യ രക്തസാക്ഷി– മംഗൾ പാണ്ഡെ